02.03.2024

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/03/2024

1. നവ കേരള സദസ്സിന്റെ തുടർച്ചയായി വ്യത്യസ്ത മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളുമായി മുഖ്യമന്ത്രി നേരിട്ട് സംവദിക്കുന്നു. മുഖാമുഖം പരിപാടിയുടെ ഭാഗമായുള്ള കർഷക സംവാദം ഇന്ന് ആലപ്പുഴ കാംലോട്ട് കൺവെൻഷൻ സെന്ററിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ നടക്കും. സംസ്ഥാനതലത്തിൽ വിവിധ മേഖലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെടുന്ന കർഷകർ, കർഷക തൊഴിലാളികൾ, കാർഷിക സംരംഭകർ, കാർഷിക മേഖലയിലെ അക്കാദമിക് സ്ഥാപനങ്ങൾ, കർഷക- കർഷക തൊഴിലാളി സംഘടന പ്രതിനിധികൾ തുടങ്ങിയവരുമായി മുഖ്യമന്ത്രി അന്നേദിവസം സംവദിക്കുന്നതാണ്. കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ ചേരുന്ന പ്രസ്തുത പരിപാടിയിൽ മത്സ്യബന്ധന- സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി, രാഷ്ട്രീയ പ്രമുഖർ, കൃഷി-കൃഷി അനുബന്ധ മേഖലയിലെ ഉദ്യോഗസ്ഥർ, സാമൂഹിക പ്രവർത്തകർ എന്നിവർ സംബന്ധിക്കുന്നു.

2. ബേപ്പൂർ മത്സ്യത്തൊഴിലാളികളുടെ ചിരകാല സ്വപ്നമായ ബേപ്പൂർ ഫിഷറീസ് കോംപ്ലക്സ് മന്ത്രി സജി ചെറിയാൻ ഓൺലൈനിൽ നാടിനു സമർപ്പിച്ചു. സംസ്ഥാനത്തിന്റെ സമ്പത് വ്യവസ്ഥയിലും ഭക്ഷ്യസുരക്ഷയിലും മത്സ്യത്തിനു നിർണായക പങ്കുണ്ടെന്നും ദേശീയ മത്സ്യ ഉൽപാദനത്തിന്റെ 13% കേരളത്തിൽ നിന്നാണെന്നും മന്ത്രി പറഞ്ഞു. മന്ത്രി പി.എ.മുഹമ്മദ് റിയാസ് അധ്യക്ഷത വഹിച്ചു ഫലകം അനാഛാദനം ചെയ്തു. തീരദേശ ജനതയുടെ ജീവിത സാഹചര്യത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്ന ഒട്ടേറെ വികസന ക്ഷേമ പദ്ധതികൾ സർക്കാർ നടപ്പാക്കിയിട്ടുണ്ട്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. പൂക്കോട് എം. എസ് സ്വാമിനാഥൻ ഗവേഷണനിലയത്തിൽ ഈ പ്രാവിശ്യത്തെ വിത്ത് ഉത്സവത്തിന് ഇന്ന് (മാർച്ച് 2) സ്റ്റാർട്ടപ്പുകൾക്കായി ശിൽപശാല സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർക്ക് https://forms.gle/BbELLBBc1ThTXDQq9 ലിങ്കിൽ രജിസ്റ്റർ ചെയ്യാം. മീറ്റിൽ, സ്പെഷ്യാലിറ്റി കോഫി, ഔഷധസസ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ഫങ്ഷണൽ ഫുഡ്സ്, അക ഉപയോഗിച്ചുള്ള സുസ്ഥിര കൃഷി, മുള ഡിസൈൻ & എഞ്ചിനീയറിംഗ്, വാഴയുടെ മൂല്യവർദ്ധന തുടങ്ങിയ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CFTRI), ഡിഫൻസ് ഫുഡ് റിസർച്ച് തുടങ്ങിയ പ്രധാന സർക്കാർ സ്ഥാപനങ്ങളും. ലബോറട്ടറി (ഡിഎഫ്ആർഎൽ), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ്സ് റിസർച്ച്, കോഫി ബോർഡ് എന്നിവയും നൂതനാശയങ്ങളെക്കുറിച്ച് സംസാരിക്കുന്നു. കുറഞ്ഞ സീറ്റുകൾ മാത്രം ആദ്യം രജിസ്ട്രേഷൻ ചെയ്യുന്ന 30 പേർക്ക് മാത്രം രജിസ്ട്രേഷൻ ഫീസ് 500 രൂപ. കൂടുതൽ വിവരങ്ങൾക്ക് 9845580223 എന്ന നമ്പറിൽ ബന്ധപ്പെടുക.

4. തെങ്ങിലെ കൂമ്പുചീയൽ നിയന്ത്രണത്തിന് ഉപയോഗിക്കാവുന്ന ട്രൈക്കോ ഡെർമ കൊയർപിത്ത് കേക്കുകൾ (70,000) എണ്ണം കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ള സ്റ്റേഷനുകൾ 8547675124 നമ്പറിൽ ബന്ധപ്പെടുക. പാർസൽ ആയും എത്തിച്ചു നൽകുന്നതാണ്.

5. റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള റബ്ബർനഴ്സറികളിൽ നിന്ന് കപ്പ് തൈകൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്. മുക്കട സെൻട്രൽ നഴ്സറിയിൽനിന്നും കാഞ്ഞികുളം, മഞ്ചേരി, ഉളിക്കൽ ആലക്കോട് കടയ്ക്കാമൺ എന്നിവിടങ്ങളിലെ റീജിയണൽ നഴ്സറികളിൽനിന്നും അംഗീകൃത റബ്ബറിനങ്ങളായ ആർആർഐഐ 105, ആർആർഐഐ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

430, ആർആർഐഐ 414 എന്നിവയുടെ കപ്പുതൈകളാണ് വിതരണത്തിന് തയ്യാറായിട്ടുള്ളത്. മുക്കട സെൻട്രൽ നഴ്സറിയിൽ നിന്നും മേൽ ഇനങ്ങളുടെ ബഡ്ഡുവുഡ്ഡും ക്രൗൺ ബഡ്ഡിങ്ങിന് ഉപയോഗിക്കുന്ന എഫ്.എക്സ്. 516 എന്ന ഇനത്തിന്റെ ബഡ്ഡുവുഡ്ഡ് പരിമിതമായ തോതിലും ലഭ്യമാണ്. തൈകൾ ആവശ്യമുള്ള കർഷകർ അടുത്തുള്ള റീജിയണൽ ഓഫീസിലോ നഴ്സറിയിലോ അപേക്ഷ നൽകണം. അപേക്ഷാഫോറം റബ്ബർബോർഡിന്റെ ഓഫീസുകളിൽ ലഭ്യമാണ്. www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ കോൾസെന്ററുമായോ (04812576622), മുക്കട സെൻട്രൽ നഴ്സറിയുമായോ (8848880279) ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടി**

6. കാർഷിക സർവകലാശാല ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയിൽ 'പച്ചക്കറി വിളകളിലെ കൃത്യത കൃഷി' എന്ന വിഷയത്തെ ആസ്പദമാക്കി മാർച്ച് 5,6 തീയതികളിൽ രണ്ട് ദിവസത്തെ പ്രവർത്തിപരിചയ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള ഫീസ് 1500/- രൂപയാണ് പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കാർഷിക സർവകലാശാല സർട്ടിഫിക്കറ്റ് നൽകുന്നതാണ് കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ: 0487 2961457.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം